മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

46 (1870) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആലപ്പുഴ ജില്ലയിൽ 2014-15 വർഷത്തിൽ എത്ര രൂപ അനുവദിച്ചു എന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

താലൂക്ക്	തുക
ചേർത്തല	3,52,45,152
അമ്പലപ്പുഴ	3,43,69,000
കുട്ടനാട്	1,65,72,500
കാർത്തികപ്പള്ളി	3,63,35,100
മാവേലിക്കര	1,87,43,500
ചെങ്ങന്നൂർ	88,23,000

സി. എം. ഡി. ആർ. എഫ്. ആനുകൂല്യം

47 (1871) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-10-2015-ന് അവസാനിച്ച കാലയളവിൽ ഈ സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ എത്ര പേർക്ക് സി.എം.ഡി.ആർ.എഫ്. ൽ നിന്നും ആനുകൂല്യം നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) എത്ര തുകയാണ് ഈ ഇനത്തിൽ ജില്ലയിൽ അനുവദിച്ചത് ; എത്ര തുകയാണ് വിതരണം ചെയ്തത് ; വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ സി.എം.ഡി.ആർ.എഫ്.-ന്റെ എത്ര അപേക്ഷകളാണ് നിലവിലുള്ളത് വ്യക്തമാക്കുമോ ;

(ഡി) ഇവയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോയെന്ന വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-10-2015-ന് അവസാനിച്ച കാലയളവിൽ ഈ സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 3397 പേർക്ക് സി.എം.ഡി.ആർ.എഫ്.-ൽനിന്നും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ പാലക്കാട് ജില്ലയിൽ 7,14,09,500 രൂപയാണ് അനുവദിച്ചത്. ഇതിൽ 5,84,72,500 രൂപ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ 23-6-2015 തീയതിവരെ ഉത്തരവായ സർക്കാർ ഉത്തരവുകൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത തീയതിക്കുശേഷം ഉത്തരവായ അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്തിട്ടില്ല.

(ഡി) സീനിയോറിറ്റിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ധനസഹായ വിതരണം നടത്തുന്നതാണ്.

ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

48 (1872) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറവൂർ പഞ്ചായത്തിലെ വാഴേലിപ്പറമ്പിൽ സതീശൻ. വി.പി.-ടെ മകൾ ഗോപികയുടെ ചികിത്സയ്ക്കായി ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി 4-5-2015-ന് സമർപ്പിച്ച അപേക്ഷയിൽ (No. 3546/VIP/CM/2015) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തരമായി തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 15-12-2015 തീയതിയിലെ സ.ഉ.(സാധ) നമ്പർ 6631/15/റവ പ്രകാരം എറണാകുളം ജില്ല, ആലുവ, ഇറവൂർ, കിടങ്ങൂർ വാഴേലിപറമ്പിൽ സതീശൻ വി. പി.-ക്ക് മകളുടെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചിട്ടുണ്ട്.